പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .624

09.07.2013-ൽ മറുപടിക്ക്

# മത്സ്യ അനുബന്ധ വ്യവസായ മേഖലയ്ക്ക് സഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ദാസൻ<br>" പി.കെ.ഗുരുദാസൻ<br>" എ.എം. ആരിഫ്<br>" കെ.വി.അബ്ദുൾ ഖാദർ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യ ദൗർലഭ്യംമൂലം ദുരിതം അനുഭവിക്കുന്ന മത്സ്യ അനുബന്ധ വ്യവസായ മേഖലയ്ക്ക് സഹായം അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ; | (എ) | മത്സ്യ ദൗർലഭ്യവും, മത്സ്യബന്ധന നിരോധനവും മൂലം ദുരിതം അനുഭവിക്കുന്ന മത്സ്യ അനുബന്ധ മേഖലയിലെ തൊഴിലാളികൾക്ക് സഹായം അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ച് ട്രോൾബാൻ സമയത്ത് തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ ലഭ്യമാക്കുന്നു. ഇതിനായി 2012-13 വർഷത്തിൽ 10.5 ലക്ഷം രൂപ ചെലവഴിക്കുകയും 2013-14 ൽ 20 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ട്രോൾബാൻ മൂലം തൊഴിൽ നഷ്ടപ്പെടുന്ന പഞ്ഞമാസക്കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് സഹായമായി 'തണൽ', സമ്പാദ്യ സമാശ്വാസ പദ്ധതി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 'തണൽ' പദ്ധതിയ്ക്കായി 2012-13 ൽ 30 കോടി രൂപയും സമ്പാദ്യ സമാശ്വാസ പദ്ധതിക്കായി 21.57 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | പാരിസ്ഥിതികപ്രശ്നവും അശാസ്ത്രീയവും അനിയന്ത്രിതവുമായ മത്സ്യബന്ധനവും കാരണം മത്സ്യസമ്പത്ത് കുറഞ്ഞുവരികയാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; | (ബി) | പാരിസ്ഥിതിക പ്രശ്നവും അശാസ്ത്രീയവും അനിയന്ത്രിതവുമായ മത്സ്യബന്ധനവും കാരണം മത്സ്യ സമ്പത്തിൽ ഗണ്യമായ കുറവ് വരുന്നതായി കണക്കുകളിൽ കാണുന്നില്ല. |
| (സി) | ഇക്കാരണങ്ങളാൽ ഈ മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നത് ഗൗരവമായി മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ തൊഴിൽ നഷ്ടപ്പെട്ടവർക്ക് എന്ത് സഹായം എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ച് തൊഴിലാളി ഫെഡറേഷൻ (സി.ഐ.ടി.യു) നൽകിയ നിവേദനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (സി) | മത്സ്യത്തൊഴിലാളികൾക്ക് സാരമായ തൊഴിൽ നഷ്ടത്തിന് കാരണമാകും വിധം മത്സ്യസമ്പത്തിൽ കുറവ് ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ